പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1602 — 16/03/2015 ൽ മറുപടിക്ക്

## പക്ഷിപ്പനി ബാധിച്ച് ചത്ത താറാവുകൾക്ക് നഷ്ടപരിഹാരം

ചോദ്യം — മറുപടി

ശ്രീ. ജി.സുധാകരൻ:

ശ്രീ. കെ.പി.മോഹനൻ
കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി

എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ബാധിച്ച് എത്ര താറാവുകൾ മരണപ്പെട്ടെന്നും മാസ് കള്ളിംഗ് നടത്തി എത്ര താറാവുകളെയും വളർത്തു പക്ഷികളെയും കൊന്നൊടുക്കിയെന്നും മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

എ) ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ബാധിച്ച് 19,701 പക്ഷികൾ മരണപ്പെടുകയും മാസ് കള്ളിംഗ് നടത്തി 251262 പക്ഷികളെ കൊന്നൊടുക്കുകയും ചെയ്തിട്ടുണ്ട്.

| നമ്പർ | മണ്ഡലം | കൾ ചെയ്യപ്പെട്ട പക്ഷികൾ | മരണപ്പെട്ട പക്ഷികൾ |
|---|---|---|---|
| 1 | അമ്പലപ്പുഴ | 37817 | 4842 |
| 2 | ഹരിപ്പാട് | 28895 | 4495 |
| 3 | കുട്ടനാട് | 77495 | 4997 |
| 4 | ചെങ്ങന്നൂർ | 88503 | 3508 |
| 5 | ആലപ്പുഴ | 18552 | 1810 |
| 6 | ചേർത്തല | | 49 |
| | ആകെ | 251262 | 19701 |

ബി) എത്ര കർഷകർക്ക് എത്ര തുക വീതം നഷ്ടപരിഹാരമായി നൽകി; മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

ബി) 229 കർഷകർക്കായി ആകെ 3,64,43,150/- രൂപ ആലപ്പുഴ ജില്ലയിൽ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് താഴെ കൊടുക്കുന്നു.

| നമ്പർ | മണ്ഡലം | നഷ്ടപരിഹാരം |
|---|---|---|
| 1 | അമ്പലപ്പുഴ | 5891605 |
| 2 | ഹരിപ്പാട് | 3329600 |
| 3 | കുട്ടനാട് | 19152710 |
| 4 | ചെങ്ങന്നൂർ | 8063935 |
| 5 | ആലപ്പുഴ | 5300 |
| ആകെ | | 36443150 |

സി) മാസ് കള്ളിംഗ് നടത്തുന്നതിന് മുമ്പ് പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകൾക്ക് നഷ്ടപരിഹാരം ലഭിച്ചില്ല എന്ന പരാതി കർഷകരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സി) മാസ് കള്ളിംഗ് നടത്തുന്നതിന് മുമ്പ് പക്ഷിപ്പനി ബാധിച്ച് മരണപ്പെട്ട താറാവുകളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം അനുവദിച്ചു നൽകിയിട്ടുണ്ട്. നഷ്ടപരിഹാരം ലഭിച്ചില്ല എന്ന പരാതി കർഷകരിൽ നിന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ